## സ്ലേറ്റ്

തിരമാലകളെല്ലാം കൃത്യതയോടെ കടലിലേക്ക് തന്നെ തിരിച്ചു പോകുന്നത് കണ്ടിട്ടില്ലേ..
അവയ്ക്കറിയാം ഒരു വലിയ കരയെ മുഴുവൻ പിടിച്ചടക്കാനുള്ള കഴിവൊന്നും
തങ്ങളുടെ കുതിപ്പിനില്ലെന്ന്..
പറവകളെപ്പോഴും സന്ധ്യകളിലൊരേ സമയത്ത് കൂടണയാൻ പാറുന്നത് കണ്ടിട്ടില്ലേ,
അവയ്ക്കറിയാം ഒരു പകൽ മുഴുവൻ കണ്ടുതീരാവുന്ന കാഴ്ചകളേ തങ്ങളുടെ
കൺവെട്ടത്തുള്ളൂവെന്ന്..

**എം.ആർ വിബിൻ**

# സ്ഥിതിവിശേഷം

അവർ നമുക്കി-
ടയിലുണ്ടായിരുന്നു.
ഇളംകാറ്റായി,
മഞ്ഞായി, മഴയായി,
ഇടിയായി, തെന്നലായി!
അക്ഷരങ്ങളിൽ
വാക്കുകളിൽ
കവിതയായി
പെയ്തിറങ്ങിയവർ
തിരിച്ചുപോയി!
യാത്ര വന്ന-
വഴികളിൽ,
തൂവിപ്പോവാതെ,
സ്വയം പതിരായി മാറി!
പക്ഷേ
ഫോട്ടോവെച്ചതും
പൂമാലചാർത്തിക്കൊടുത്തതും
കവിയെ മാത്രം!

● **നൗഷാദ് കെ. പൂളമണ്ണ**



# കവിത

കാട്ടുതീപോലെ
പകലുകൾ
കത്തിയെരിഞ്ഞ് പോയി.....
..................
കത്താതെ
കിടപ്പുണ്ടെന്റെ കവിത
ഇപ്പോഴും

● **സുഹറ കണ്ണൂർ**

# നശിച്ച ജന്മങ്ങൾ

ഇരുട്ടിലേക്ക് വഴുതിവീഴുന്ന
ഉറക്കവും കാത്ത്
വിഷസൂചി തറഞ്ഞ മിഴികൾ....
കുറേ കളിപ്പാട്ടങ്ങൾ....
വിശുദ്ധ നഗരത്തിനവർ
ദുഃശ്ശകുനങ്ങൾ....
മറവിയുടെ തുരുത്തിലേക്ക്
പാറിയകലുന്ന
അപ്പൂപ്പൻ താടികൾ.
നശിച്ച ജന്മങ്ങൾ.....

● **ടി.എം സജദിൽ മുജീബ് പാലക്കാട്**

Vol. No: 68 Issue No. 21 Printed (at Roshni Press, Kozhikode-12) and published by K.M. Abdul Ahad on behalf of Islamic Service Trust Kerala Kozhikode-12, Phone: 2730744 Fax: 0495- 2731342, E-mail: editorprabodhanam@gmail.com - Editor: T.K. Ubaid